(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-7/118/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തൊടുപുഴ, തീയതി:09.03.2020

PH:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം:-**തൊടുപുഴ ബ്ലോക്ക്** പഞ്ചായത്ത്-2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **തൊടുപുഴ ബ്ലോക്ക്** പഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം** 1, **ഭാഗം** 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ബ്ലോക്ക്പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം)
2. അസി.ഡവലപ്മെന്റ് കമ്മീഷണർ, ഇടുക്കി
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-7/118/2020 തീയതി:09.03.2020

# ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-2019 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം- വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ **തൊടുപുഴ ബ്ലോക്ക്** പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.03.2019 മുതൽ 09.01.2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ ടി എൽ സാംകുട്ടി, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 10.01.2020 മുതൽ 20.01.2020 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ എം കെ മധുസൂദനൻ നായർ | ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്) |
| | | ശ്രീ ബെന്നി മാത്യൂ | സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | | ശ്രീ ബിനുമോൻ കെ സി | ഓഡിറ്റർ |

## (ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ സിനോജ് ജോസ് | 01.04.2018മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീ.ജെ.ജെ.ധീരജ് മാത്യു | 01.04.2018മുതൽ 09.10.2018വരെ |
| | ശ്രീ.സക്കീർ ഹുസൈൻ ഇബ്രാഹിം | 10.10.2018മുതൽ 31.03.2019വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ | ശ്രീമതി ലിസി തോമസ് | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീ ശ്രീകുമാർ ജി | 01.04.2018 മുതൽ 31.03.2019 വരെ |
| | | |

| | | |
|---|---|---|
| ക്ഷീരവികസന ഓഫീസർ | ശ്രീ നാരായണൻ നമ്പൂതിരി | 01.04.2018 മുതൽ<br>31.03.2019 വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി ആൻസി തോമസ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| ശിശു വികസന പദ്ധതി ഓഫീസർ | ശ്രീമതി സുജ ജേക്കബ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(ആരോഗ്യം) | ഡോ.രേഖ ശ്രീധർ | 01.04.2018 മുതൽ<br>31.03.2019 വരെ |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ആനിയമ്മ ഫ്രാൻസിസ് | 01.04.2018 മുതൽ<br>31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി.കൈരളി കെ കെ | 01.04.2018 മുതൽ<br>31.03.2019 വരെ |
| വ്യവസായ വികസന ഓഫീസർ | ശ്രീമതി രേഷ്മ ജി | 01.04.2018 മുതൽ<br>31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഖണ്ഡിക നം. | ഖണ്ഡിക |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-9 | ക്യാഷ് പരിശോധന |
| 9 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം |
| 11 | 1-11 | വാർഷിക കണക്കിലെ അപാകതകൾ |
| 12 | 1-12 | വാടക കുടിശ്ശിക-4000/-ഈടാക്കിയിട്ടില്ല. |
| 13 | 1-13 | ഗോവർദ്ധന സഹായി- ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കി |
| 14 | 1-14 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം-യോഗ്യത തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല. |
| | | |

| | | |
|---|---|---|
| 15 | 1-15 | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -അനുവദിച്ചതിൽ അപാകത |
| 16 | 1-16 | സ്കൂൾ ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ-ചെലവ് തടസ്സപ്പെടുത്തുന്നു. |
| 17 | 1-17 | മരാമത്ത് പ്രവൃത്തി - പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി നീട്ടി നൽകി. |
| 18 | 1-18 | സാക്ഷരതാ തുല്യത പഠനസഹായം |
| 19 | 1-19 | സാമൂഹ്യ നീതി വകുപ്പിനെ ഏല്പിച്ച പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി |
| 20 | 1-20 | ഇടവെട്ടി പഞ്ചായത്ത് 12-ാം വാർഡ് അംഗൻവാടി നിർമ്മാണം സ്തംഭനാവസ്ഥയിൽ |
| 21 | 3-1 | പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു. |
| 22 | 3-2 | സാമൂഹ്യ നീതി വകുപ്പിനെ ഏല്പിച്ച പദ്ധതി ബ്ളോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി |
| 23 | 3-3 | ഗോവർദ്ധന സഹായി- ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കി |
| 24 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 25 | 4-2 | സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 26 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 27 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 28 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 29 | 4-6 | സ്ഥിര നിക്ഷേപം |
| 30 | 4-7 | ഓഡിറ്റ് റിക്കവറി |
| 31 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 32 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 33 | 4-10 | തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 34 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

28.03.2018-ലെ 1(1) തീരുമാനപ്രകാരം 2018-19 വർഷത്തെ ബജറ്റ് അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ആകെ വരവ് ₹96234800/-യും ആകെ ചെലവ് ₹94984800/-യും ആണ്. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 214(1) അനുസരിച്ച് നിർവഹണ ഉദ്യോഗസ്ഥർ അവരുമായി ബന്ധപ്പെട്ട് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്കായി വകയിരുത്തേണ്ട തുക സംബന്ധിച്ച് എസ്റ്റിമേറ്റുകൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് നൽകേണ്ടതും വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ഈ നിർദേശങ്ങൾ പരിഗണിച്ച് ജനുവരി 15 ന മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് ബജറ്റ് നിർദേശങ്ങൾ സമർപ്പിക്കേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 31-07-2019 | 16-05-2019 | -- | -- |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹5960490 |
| വരവ് | ₹34934678 |
| ആകെ | ₹40895168 |
| ചെലവ് | ₹35488968 |
| നീക്കിയിരിപ്പ് | ₹5406200 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 19784000 | 19784000 | 19784000 | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 4500000 | 4500000 | 3995232 | 504768 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 985000 | 985000 | 985000 | |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 2347000 | 2347000 | 990705 | 1356295 |
| എസ്ജിഎസ് വൈ | 14127 | 74 | 14201 | 0 | 14201 |
| TSC | 850377 | | 850377 | 324772 | 525605 |
| ഐഎവൈ-ജനറൽ | 7793 | 118000 | 125793 | 105221 | 20572 |
| ഐഎവൈ ലോൺ | 22897 | | 22897 | 22897 | 0 |
| ഐഎവൈ പ്ലാൻ(യൂണി.ബാങ്ക്) | 1398251 | | 1398251 | 1398251 | 0 |
| ഐ ഡബ്ല്യൂ എം പി | 3800 | 185 | 3985 | 0 | 3985 |
| ഗ്രാന്റ് (PMKSY) | 20574 | | 20574 | 1619 | 18955 |
| ശുചിത്വമിഷൻ | 1000 | | 1000 | 0 | 1000 |
| ജില്ലാ പഞ്ചായത്ത് | 2843894 | | 2843894 | 1217403 | 1626491 |
| ബ്ലോക്ക് പഞ്ചായത്ത് | | 574688 | 574688 | 80000 | 494688 |
| ഗ്രാമ പഞ്ചായത്ത് | 394210 | 806666 | 1200876 | 1200876 | 0 |
| ഗുണ. വിഹിതം | 125060 | 122862 | 247922 | 160778 | 87144 |
| ഗ്രാന്റ്സ്-മൂലധനം | 2233 | 0 | 2233 | 0 | 2233 |

| | | | | | | |
|---|---|---|---|---|---|---|
| ടോട്ടൽ സാനിറ്റേഷൻ | | 4507 | 339 | 4846 | 0 | 4846 |
| ജനറൽ പർപസ് ഗ്രാന്റ് | | 0 | 4310665 | 4310665 | 4310665 | 0 |
| മറ്റിനങ്ങൾ(ഇഎംഎസ്) | | 46600 | | 46600 | 0 | 46600 |
| തനത് ഫണ്ട് | ബാങ്ക് | 52994 | 0 | 52994 | 0 | 52994 |
| | ട്രഷറി | 172173 | 3004718 | 3176891 | 670005 | 2506886 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 67 | 35966877 | 57 | 25913067 | 10 | - | 85.07 |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.01.2020ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ലായെന്ന് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ സിറ്റിസൺ ഇൻഫർമേഷൻ കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഓഫീസ് ഉത്തരവ് മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല.

ബജറ്റ് കുറ്റമറ്റതായും വസ്തുനിഷ്ഠമായും തയ്യാറാക്കുന്നതിൽ വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ജാഗ്രത പുലർത്തേണ്ടതാണ്. ബജറ്റ് പരിധിയിൽ നിന്ന് ചെലവ് അധികമായാൽ പരിഷ്കരിച്ച ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.. വാർഷിക പദ്ധതി ബജറ്റുമായി സംയോജിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

വൗച്ചറുകളുടെ സൂക്ഷിപ്പ്, വൗച്ചർ നമ്പർ അടിസ്ഥാനത്തിലാണെങ്കിലും അക്കൗണ്ട് ചട്ടങ്ങളിൽ നിർദ്ദേശിക്കുന്ന പ്രകാരം വൗച്ചറുകളുടെ ലിസ്റ്റ് ഓരോ മാസത്തെയും വൗച്ചറുകളുടെ ഫേസിംഗ് ഷീറ്റായി പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ഇത് മൂലം മിസ്സിംഗ് വൗച്ചർ, ക്യാൻസൽ ചെയ്ത വൗച്ചർ എന്നിവയുണ്ടോയെന്ന് പ്രത്യക്ഷത്തിൽ ശ്രദ്ധിക്കുവാൻ സാധിക്കുന്നില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-11-2019 | 2018-19 | 06-12-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10-02-2015 | 2009-10 to 2013-14 | 21-05-2015 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബി-7, ബി-18 എന്നീ ഷെഡ്യൂളുകളിലെ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3. ബ്ലോക്ക്പഞ്ചായത്ത് ഐ.എ.വൈ. വായ്പയിനത്തിൽ തുക തിരിച്ചടയ്ക്കാനുണ്ടെങ്കിലും ആയതിന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. Capital work in Progress എന്ന ശീർഷകത്തിൽ ₹9,53,376/- രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

5. റോഡ്, പാലങ്ങൾ മുതലായ ആസ്തികൾ ബ്ലോക്ക്പഞ്ചാചയത്തിന്റെ ഉടമസ്ഥതയിൽ വരുന്നില്ലായെങ്കിലും കണക്കുകളിൽ ആയവയും അവയ്ക്ക് ബാധകമായ ഡിപ്രീസിയേഷനും ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-12 വാടക -₹4000/- ഈടാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് വാടകയ്ക്ക് നല്കിയിട്ടുള്ളത് 3 മുറികൾ മാത്രമാണ്. ഇവയുടെ വാടക കൃത്യമായി ഈടാക്കുവാൻ സാധിച്ചിട്ടില്ല. വിശദാംശം ചുവടെ നല്കുന്നു.

| വാടക്കാരന്റെ പേര് | പ്രതിമാസവാടക ₹ | ഡിമാന്റ് ₹ | കളക്ഷൻ ₹ | ബാലൻസ് ₹ |
|---|---|---|---|---|
| കസ്തൂർബ എസ്എച്ച് ജി | 100 | 700 | 700 | 0 |
| എെശ്വര്യ എസ്എച്ച് ജി | 250 | 3000 | 2000 | 1000 |
| ഇടവെട്ടിചിറ എ.ഡി.എസ് | 250 | 3000 | 0 | 3000 |
| | | | ആകെ | ₹4000 |

വാടകക്കാരുമായി കരാർ വച്ചിട്ടുള്ളതാണ്. നാമമാത്രമായ തുകയാണ് വാടക നിശ്ചയിച്ചിരിക്കുന്നത്. വാടകയിൽ കാലാനുസൃതമായ വർദ്ധനവ് വരുത്തേണ്ടതും കുടിശ്ശിക ഈടാക്കി റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-13 ഗോവർദ്ധന സഹായി-ചുമതലയിൽ ഉൾപ്പെടാത്ത പദ്ധതി നടപ്പാക്കി-അപാകത

17 ഗുണഭോക്താക്കൾക്ക് പശുക്കളെ വിതരണം ചെയ്യുന്നതിന് ₹15000/- വീതം ₹255000/- ചെലവഴിച്ചിട്ടുണ്ട്. 2018-19 വാർഷിക പദ്ധതിയുടെ മാർഗ്ഗരേഖ അനുസരിച്ച് പശുവിതരണം എന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നില്ല. ഒരു ഗുണഭോക്താവിന് ₹15000/- വീതം പശുക്കളെ വാങ്ങുന്നതിന് നൽകുന്ന ഈ പദ്ധതിക്ക് അംഗീകാരം നല്കണമെന്ന് ബ്ലോക്ക് പഞ്ചായത്ത് 2017-18-ൽ സർക്കാർ മുമ്പാകെ അപേക്ഷ നൽകിയെങ്കിലും 23.08.2017ലെ വികേന്ദ്രീകൃതാസൂത്രണ സമിതി അപേക്ഷ നിരസിക്കുകയും ജില്ലാതല അപ്പീൽ കമ്മിറ്റിക്ക് തീരുമാനമെടുക്കുവാൻ അനുമതി നല്കുകയും ചെയ്തു. 15.11.2017-ലെ ജില്ലാതല അപ്പലേറ്റ് കമ്മിറ്റി , വനിതകൾക്കായി നടപ്പാക്കണമെന്ന പ്രത്യേക നിബന്ധനയോടെ 2017-18 വർഷത്തേയ്ക്ക് മാത്രം നടപ്പിലാക്കുവാൻ അനുമതി നല്കി. വ്യക്തിഗത ആനുകൂല്യമായതിനാൽ നടപ്പിലാക്കുവാൻ പാടില്ല എന്ന് കോർഡിനേഷൻ കമ്മറ്റിയും ജില്ലാതല അപ്പലേറ്റ് അതോറിറ്റിയും നിർദ്ദേശിച്ചിട്ടും 2018-19-ലും പദ്ധതി തുടർന്നു. ചുമതലയിൽ ഉൾപ്പെടാത്തതും മാർഗരേഖ ലംഘിച്ചും പദ്ധതി നടപ്പാക്കിയത് അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ **ഖണ്ഡിക 3-3ൽ** ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-14 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം- യോഗ്യത തെളിയിക്കുന്ന രേഖകൾ ലഭ്യമല്ല.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | : | 18/2019 |
| ചെലവ് | : | ₹975000 |

ശിശു വികസന പദ്ധതി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2018-19 ൽ ₹975000/- അടങ്കലിൽ നടപ്പാക്കിയ പ്രോജക്ടാണ് ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം. പദ്ധതിക്കായി ബിൽ നമ്പർ 5/24.01.19 പ്രകാരം ₹960120/-യും ബിൽ നമ്പർ 9/20.03.2019 പ്രകാരം ₹14880/-യും ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം 22/18 തസ്വഭവ തീ 14/02/18 ഖണ്ഡിക 7.1.2(6) പ്രകാരം ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം നടത്തുമ്പോൾ ഗുണഭോക്താവ് 40 ശതമാനത്തിലധികം വികലാംഗനാണെന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് , വാഹനം ഓടിക്കുവാൻ കഴിയുന്ന വ്യക്തിയാണെന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, വാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. എന്നാൽ 12 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹന വിതരണം നടത്തിയപ്പോൾ ഒരാൾക്കുപോലും ആധികാരിക രേഖകൾ ഇല്ലാതെയാണ് വാഹനം നല്കിയത്. രേഖകളുടെ അഭാവത്തിൽ ₹975000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-15 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്-അനുവദിച്ചത് അപാകത

| | |
|---|---|
| നിർവ്വഹണം | പട്ടിക ജാതി വികസന ഓഫീസർ |

| | |
|---|---|
| പദ്ധതി | പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ(6/18-19) |
| അടങ്കൽ | ₹2050000/- (എസ്.സി.പി) |
| ബിൽ നം, തീയതി | 1/2018-19/22-09-2018 920000<br>2/2018-19/24-10-2018 920000<br>3/2018-19/29-12-2018 210000<br>**ആകെ** 2050000 |

ബ്ലോക്ക് പഞ്ചായത്തിലെ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ എൻജിനിയറിംഗ്-ബിരുദ-ബിരുദാനന്തര ബിരുദ-പോളിടെക്നിക് കോഴ്സുകൾക്ക് സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽ ഉൾപ്പെടുന്ന ബിരുദ വിദ്യാർത്ഥികൾക്ക് പ്രതിവർഷം ₹20,000/- വീതം ധനസഹായം നൽകുന്നതിനാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ (കൈ) 22/2018 പ്രകാരമുള്ള സബ്സിഡി മാർഗരേഖയിൽ നിർദ്ദേശിച്ചിരിക്കുന്നത്.

താഴെ പരാമർശിക്കുന്ന 4 ബിരുദ വിദ്യാർത്ഥികൾക്ക് ബിൽ നം.1 പ്രകാരം ധനസഹായം നൽകിയപ്പോൾ അർഹമായതിലും ₹10000/- വീതം കൂടുതലായി നൽകിയിട്ടുണ്ട്.

| രജിസ്റ്റർ പ്രകാരം ക്രമ നം. | ഗുണഭോക്താവ് | പഠിക്കുന്ന കോഴ്സ് | നൽകിയ തുക(₹) | നൽകാവുന്ന തുക(₹) | അധികം നൽകിയ തുക(₹) |
|---|---|---|---|---|---|
| 2 | അഭിജിത്ത് കുഞ്ഞുമോൻ | ബി.കോം | 30000 | 20000 | 10000 |
| 3 | അഖില കുഞ്ഞുമോൻ | ബി.എ | 30000 | 20000 | 10000 |
| 8 | ആതിര എം.എസ് | ബി.എഡ് | 30000 | 20000 | 10000 |
| 13 | മിഥുൻ സോമൻ | ബി.എ | 30000 | 20000 | 10000 |
| | | | | **ആകെ** | 40000 |

അപേക്ഷിച്ച 23 വിദ്യാർത്ഥികൾക്കും അധികമായി തന്നെ ധനസഹായം അനുവദിച്ചിരുന്നു. അതിൽ 22 പേരും അധിക തുക തിരിച്ചടവാക്കുവാൻ സന്നദ്ധരായി. എന്നാൽ മിഥുൻ സോമൻ എന്ന വിദ്യാർത്ഥിക്ക് മാത്രം വളരെ നിർദ്ധന കുടുംബത്തിലെ ആയതിനാൽ അധിക തുക തിരിച്ചടയ്ക്കുവാൻ സാധിക്കുകയില്ലയെന്നും, ഈ വിദ്യാർത്ഥിക്ക് ലഭിച്ച ധനസഹായത്തിന് കോഴ്സ് വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളതാണെന്നും ഓഡിറ്റ് എൻക്വയറി നം.1നുള്ള മറുപടിയായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. കൂടാതെ മുൻവർഷത്തെ ധനസഹായ തുക തന്നെയാണെന്ന ധാരണയിൽ ശ്രദ്ധിക്കാതെ പോയതാണെന്നും മനപ്പൂർവ്വമായി വീഴ്ച വരുത്തിയതല്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിൽ സബ്സിഡി മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. നിർദ്ധനരായ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പഠന സഹായമായതിനാലും പഠനം വിജയകരമായി പൂർത്തിയാക്കിയിട്ടുള്ളതിനാലും ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ ഉണ്ടാകാതെ പദ്ധതി നിർവ്വഹണത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 സ്കൂൾ ലൈബ്രറികൾക്ക് പുസ്തകം വാങ്ങൽ-ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 0039/19-സ്കൂൾ ക്ലാസ് ലൈബ്രറി |
| അടങ്കൽ | ₹300000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം | 54/26/3/19-₹300000/- |

സർവ്വശിക്ഷാ അഭിയാൻ , 2018-19-ൽ ഏഴുവരെയുള്ള എല്ലാ ക്ലാസുകളിലും ക്ലാസ് ലൈബ്രറി സജ്ജീകരിക്കുന്ന ഒരു പദ്ധതി ഏറ്റെടുത്തിരുന്നു. 23/02/2018-ലെ BRC/TDPA/190/17-18 നമ്പർ കത്തിൽ SSA ബ്ലോക്ക് പ്രോഗ്രാം ഓഫീസർ ഈ പദ്ധതി നടപ്പിലാക്കുവാൻ തുക അനുവദിക്കണമെന്ന് ബ്ലോക്ക് പഞ്ചായത്തിനോട് ആവശ്യപ്പെടുകയുണ്ടായി. SSA ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ കത്തിന്റെ മാത്രം അടിസ്ഥാനത്തിൽ യാതൊരു സർക്കാർ അനുമതിയുമില്ലാതെ ബ്ലോക്ക് പഞ്ചായത്ത് വികസനഫണ്ടിൽ നിന്നും തുക വകയിരുത്തി പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചു. പദ്ധതിയുടെ നിർവ്വഹണ വേളയിൽ 11.03.2019-ൽ കൂടിയ പഞ്ചായത്ത് കമ്മറ്റിയിൽ പ്രോജക്ട് നടപ്പിലാക്കുന്നതിൽ സെക്രട്ടറി വിയോജനകുറിപ്പ് രേഖപ്പെടുത്തുകയും പ്രോജക്ട് റദ്ദ് ചെയ്യുന്നതാണുചിതമെന്നും അഭിപ്രായപ്പെട്ടുവെങ്കിലും സെക്രട്ടറി പദ്ധതി നടപ്പിലാക്കുകയാണുണ്ടായത്. ക്ലാസ് ലൈബ്രറി എന്ന ആശയം മികച്ചതാണെങ്കിലും ഇത്തരം നൂതന പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുമ്പോൾ അതിന് സർക്കാർ അനുമതി അനിവാര്യമാണ്. സർക്കാർ അനുമതിയില്ലാതെ നടപ്പിലാക്കിയ പദ്ധതിയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 മരാമത്ത് പ്രവൃത്തി - പിഴ ഈടാക്കാതെ പൂർത്തീകരണ കാലാവധി നീട്ടി നൽകി.

മരാമത്ത് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകളിൽ തന്നെ പൂർത്തീകരിക്കേണ്ട തീയതി വ്യക്തമാക്കേണ്ടതുണ്ട്. പ്രസ്തുത തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം നിശ്ചിത നിരക്കിൽ പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. നിയമ പ്രകാരമുള്ള പിഴ ഈടാക്കാതെ വിവിധ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. റോഡ് ടാറിംഗ് പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടതിനു ശേഷം ടാറിംഗ് ഒഴിവാക്കി കോൺക്രീറ്റിംഗ് നടത്തിയ പല പ്രവൃത്തികളും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. തൻവർഷം നടപ്പാക്കിയ അഞ്ച് പ്രവൃത്തികളിൽ തക്കതായ കാരണങ്ങളാൽ വേല പൂർത്തിയാക്കേണ്ട തീയതിയ്ക്ക് ശേഷം പ്രത്യേക കാരണങ്ങൾ സൂചിപ്പിക്കാതെ അനധികൃതമായി കാലയളവ് നീട്ടി നല്കിയിരിക്കുകയാണ്. കാലയളവ് ദീർഘിപ്പിച്ച് നൽകുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ നീട്ടി നല്കിയതിന്റെ രേഖകൾ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. കരാർ വ്യവസ്ഥ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിന് വിരുദ്ധമായി പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചതു മൂലം ₹74679/-യുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ **ഖണ്ഡിക 3-1-ൽ** ചേർത്തിരിക്കുന്നു.

## 1-18 സാക്ഷരതാ തുല്യത പഠനസഹായം

| | |
|---|---|
| പ്രോജക്ട് നം, പേര് | 41/19-സാക്ഷരതാ തുല്യത പഠനസഹായം |
| അടങ്കൽ | ₹50000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം. | 43/23.2.19 ₹ 25850<br>52/22.3.19 ₹ 23500 |

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ)നം.11/2018തസ്വഭവ തീ 29/01/2018 ൽ വിദ്യാഭ്യാസമേഖലയെ കുറിച്ച് പരാമർശിക്കുന്ന ഖണ്ഡിക 7.6(13) പ്രകാരം സാക്ഷരതാമിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക, സാക്ഷരതാകേന്ദ്രങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, സാക്ഷരതാ മിഷന് അടയ്ക്കേണ്ടതായ ഫീസ് നല്കുക എന്നിവയ്ക്കുവേണ്ടിയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കേണ്ട ഉത്തരവാദിത്തം ഗ്രാമ ജില്ലാ പഞ്ചായത്തുകൾക്കാണ്. പദ്ധതി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി 2018-19ൽ ബ്ലോക്ക് പഞ്ചായത്ത് സാക്ഷരതാ തുല്യത പഠനസഹായത്തിനായി പദ്ധതി ഏറ്റെടുക്കുകയും ₹49350/- ചെലവഴിക്കുകയും ചെയ്തു.

പഠിതാക്കളുടെ ഫീസ് അടയ്ക്കുന്നതിന് വേണ്ടിയാണ് തുക ചെലവഴിച്ചത്. പണം നല്കിയ ഗുണഭോക്താക്കൾക്ക് മറ്റ് ഏജൻസികളിൽ നിന്ന് പണം ലഭിച്ചിട്ടില്ലന്നതുപോലും ഉറപ്പാക്കാതെയാണ് തുക നല്കിയത്. ആയതിനാൽ ഇതിനായി ചെലവഴിച്ച ₹49350/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 സാമൂഹ്യ നീതി വകുപ്പിനെ ഏല്പിച്ച പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി

മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി വച്ചുനൽകുന്നതിന് സാമൂഹ്യ നീതി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് മന്ദഹാസം. സാമൂഹ്യ നീതി വകുപ്പിന്റെ 23/11/2016-ലെ സ.ഉ (സാധാ)നം.546/2016 ഉത്തരവ് പ്രകാരം ഈ പദ്ധതിക്ക് ഭരണാനുമതി നല്കുകയും 2235-60-200-83(പി) എന്ന ശീർഷകത്തിൽ വയോജന സംരക്ഷണ പദ്ധതിയ്ക്കുവേണ്ടി വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ഇതിനാവശ്യമായ തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നല്കുകയും ചെയ്തു. ഈ പദ്ധതി ശിശുവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുകയും 3604-00-200-86-04-35-00 എന്ന ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ നിന്ന് തുക ചെലവഴിക്കുകയും ചെയ്തു. ഇത്തരം ഒരു പദ്ധതി ഏറ്റെടുക്കാൻ ബ്ലോക്ക് പഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടില്ല. അധികാര പരിധിയിലുൾപ്പെടാത്ത പദ്ധതി ഏറ്റെടുത്ത് നിർവ്വഹണം നടത്തുന്നത് തെറ്റായ പ്രവണതയാണ്. ഈ സാഹചര്യത്തിൽ മന്ദഹാസം പദ്ധതിയ്ക്കായി ചെലവഴിച്ച ₹150000/-യുടെ ചെലവ് അംഗീകരിക്കുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 3-2ൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-20 അങ്കണവാടി നിർമ്മാണത്തിന് എം.ജി.എൻ.ആർ.ഇ.ജി.എസ്-ൽ നിക്ഷേപിച്ച ₹500000/-പാഴ്ചെലവായി

2018-19 വർഷത്തെ 36-ാം നമ്പർ പ്രോജക്ടായ ഇടവെട്ടി പഞ്ചായത്ത് 12-ാം വാർഡ് അങ്കണവാടി നിർമ്മാണം പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി ₹ 500000/-പദ്ധതി വിഹിതവും ₹500000/ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുമായി സംയോജിപ്പിച്ച് ആകെ ₹1000000/-യുടെ അടങ്കലാണ്. സംയോജിത പദ്ധതിക്കായി വകയിരുത്തിയ ബ്ലോക്ക് പദ്ധതിവിഹിതം ₹500000/- 12/07/2018-ൽ എം.ജി.എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറുടെ പേരിലുള്ള തിരുവനന്തപുരം ജില്ലാ ട്രഷറിയിലെ അക്കൗണ്ടിലേയ്ക്ക് നിക്ഷപിച്ചിരിക്കുകയാണ്. എന്നാൽ നാളിതുവരെ അങ്കണവാടി നിർമ്മാണം ആരംഭിച്ചിട്ടില്ല. അങ്കണവാടി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. അങ്കണവാടി നിർമ്മാണം അടിയന്തിരമായി ആരംഭിക്കുവാൻ സാധിക്കാത്ത പക്ഷം എം.ജി.എൻ.ആർ.ഇ.ജി.എസ് അക്കൗണ്ടിൽ നിക്ഷപിച്ച ₹500000/-തിരികെ വാങ്ങി സഞ്ചിത നിധിയിൽ ഒടുക്കേണ്ടതാണ്. ₹ 500000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു.

മരാമത്ത് പ്രവൃത്തികളുടെ കരാർ വ്യവസ്ഥകളിൽ തന്നെ പൂർത്തീകരിക്കേണ്ട തീയതിയെ സംബന്ധിച്ച് പരാമർശമുണ്ട്. പ്രസ്തുത തീയതിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം നിശ്ചിത നിരക്കിൽ പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകാവുന്നതാണ്. നിയമ പ്രകാരമുള്ള പിഴ ഈടാക്കാതെ വിവിധ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

2012-ലെ പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112- നെ അടിസ്ഥാനമാക്കി തയ്യാറാക്കിയ മരാമത്ത് പ്രവൃത്തികൾക്കുള്ള കരാറിലെ 5, 6, 7 എന്നീ വ്യവസ്ഥകൾ പ്രകാരം കരാറിൽ ഏർപ്പെട്ട് പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലമേറ്റുവാങ്ങുകയും സ്ഥലമേറ്റുവാങ്ങി പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും കരാറുടമ്പടിയുടെ ഭാഗമായി വച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ്. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം സമയം കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണെന്നും അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ സമയം, കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർതുകയുടെ രണ്ടു ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കാൻ സാധിക്കൂ.

തൻവർഷം ബ്ലോക്ക് പഞ്ചായത്ത് നടപ്പാക്കിയ ചുവടെ ചേർക്കുന്ന അഞ്ച് പ്രവൃത്തികളിൽ തക്കതായ കാരണങ്ങളാൽ അനുവദിക്കാവുന്ന 20% ഇളവും കൂടി അനുവദിച്ചാൽ പോലും വേല പൂർത്തിയാക്കേണ്ട തീയതിയ്ക്ക് ശേഷം പ്രത്യേക കാരണങ്ങൾ സൂചിപ്പിക്കാതെ അനധികൃതമായി കാലയളവ് നീട്ടി നല്കിയിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്/ പ്രോജക്ട് നമ്പർ/ ബിൽ നമ്പർ/ തുക | കരാറുകാരൻ/ എം. ബുക്ക് നം. | കരാർ നം./ പൂർത്തീകരണ കാലാവധി | കരാർ തുക (₹) | പിഴ കൂടാതെ പൂർത്തീകരിക്കേണ്ട തീയതി | പ്രവർത്തി പൂർത്തീകരിച്ച തീയതി | പിഴ ഈടാക്കേണ്ട തീയതി/ നിരക്ക്/ തുക(₹) |
|---|---|---|---|---|---|---|
| പുറപ്പുഴ സി. എച്ച്.സി. ടോയ് ലറ്റ് നിർമ്മാണം (57/19) ചെക്ക് നം. 837288/ 21-01-19 ₹14142/- | ജോസഫ് മാത്യൂ , 88/15-16 | 13/AE/ LSGD/ TDPA/ 17-18/ 6-10-17 6 മാസം | 199421.83 | 31-05-18 (10+10+ 180+36) ദിവസം | 25-10-2018 | 01-06-18- (1%)-1994 01-09-18- (2%)-3988 ആകെ– ₹5982 |
| പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റിന് കെട്ടിട നിർമ്മാണം, ചുറ്റുമതിൽ (58/19) 3/18-19/ 24-05-18 ₹217533/- 7/18-19/ 31-10-18 ₹819581/- | ജോസഫ് മാത്യൂ , 85/15-16, 29/16-17, 63/16-17 | 12/AE/ LSGD/ TDPA/ 17-18/ 20-09-17 6 മാസം | 1226613.37 | 16-05-18 (10+10+ 180+36) ദിവസം | 6-10-2018 | 17-05-18- (1%)-12266 17-08-18- (2%)-24532 ആകെ– ₹36798 (അവസാന ബില്ലിൽ പിഴയായി ₹8222/- ഈടാക്കി യിട്ടുണ്ട്.) ബാക്കി ഈടാക്കാ |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | നള്ളത് – 28576 |
| മുട്ടം സി. എച്ച്.സി. മെയിന്റനൻസ് (60/19) 5/18-19/ 25-05-18 ₹158918/- 5(a)/18-19/ 28-06-18 ₹19016/- | ജോസഫ് മാത്യു , 81/15-16, 62/16-17 | 3/AE/ LSGD/ TDPA/ 17-18/ 20-09-17 6 മാസം | 622998.68 | 16-05-18 (10+10+ 180+36) ദിവസം | 18-06-2018 | 17-05-18- (1%)-6230 ആകെ– ₹6230 |
| പുറപ്പുഴ സി.എച്ച്.സി. മെയിന്റനൻസ് (558/19) 19/18-19/ 13-02-19 ₹84112/- | ജോസഫ് മാത്യു , 82/15-16, | 11/AE/ LSGD/ TDPA/ 17-18/ 20-09-17 6 മാസം | 404099 | 16-05-18 (10+10+ 180+36) ദിവസം | 10-01-2019 | 17-05-18- (1%)-4041 17-08-18- (2%)-8082 17-11-18- (2%)-8082 ആകെ– ₹20205 (അവസാന ബില്ലിൽ പിഴയായി ₹774/- ഈടാക്കി യിട്ടുണ്ട്.) ബാക്കി ഈടാക്കാ നള്ളത് – 19431 |
| ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കെട്ടിടം മെയിന്റനൻസ് (54/19) | ജോസഫ് മാത്യു , 92/15-16 | 10/AE/ LSGD/ TDPA/ 17-18/ 29-09-17 6 മാസം | 303587 | 16-05-18 (10+10+ 180+36) ദിവസം | 08-02-2019 | 17-05-18- (1%)-3036 17-08-18- (2%)-6072 |

| | | | | | | |
|---|---|---|---|---|---|---|
| 4/18-19/<br>24-05-18<br>₹204580/-<br>20/18-19/<br>08-03-19<br>₹77280/- | | | | | | 17-11-18-<br>(2%)-6072<br>ആകെ–<br>₹15180<br>(അവസാന<br>ബില്ലിൽ<br>പിഴയായി<br>₹720/-<br>ഈടാക്കി<br>യിട്ടുണ്ട്.)<br>ബാക്കി<br>ഈടാക്കാ<br>നുള്ളത് -<br>14460 |
| ഒട്ടാകെ | | | | | | ₹74679/- |

പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട എല്ലാ തയ്യാറെടുപ്പുകളും നടത്തിയതിന് ശേഷം മാത്രമാണ് കോൺട്രാക്ടർ കരാറിൽ ഏർപ്പെടുന്നത്. യുക്തമായ കാരണങ്ങൾ ഇല്ലാതെ ഇളവ് അനുവദിക്കുന്നത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് 7-ാം നമ്പരായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രളയം കാരണമായി സൂചിപ്പിച്ച് കാലയളവ് ദീർഘിപ്പിച്ചു നൽകുവാൻ പ്രളയ കാലഘട്ടത്തിന് ശേഷം കരാറുകാർ നല്കിയ അപേക്ഷകൾ ചില ഫയലുകളിലുണ്ട്. കുറഞ്ഞ തുക ഈടാക്കിക്കൊണ്ട് കാലവധി നീട്ടി നല്കിയതായും കാണുന്നു. ഇത് അംഗീകരിക്കാനാവില്ല. കാരണം, 2018ആഗസ്റ്റ് 14,15 തീയതികളിലാണ് ജില്ലയിൽ പ്രളയക്കെടുതി ഉണ്ടായത്. എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം പ്രവൃത്തി കൃത്യ സമയത്ത് തുടങ്ങിയിരുന്നെങ്കിൽ പ്രളയത്തിന് മുമ്പ് തന്നെ പണികൾ പൂർത്തിയാകുമായിരുന്നുവെന്ന് മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്.

കരാർ വ്യവസ്ഥ പൂർണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിന് വിരുദ്ധമായി പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചത് നിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ എക്സി.എഞ്ചിനീയറുടെ വീഴ്ചയാണ്. ബ്ലോക്ക് പഞ്ചായത്തിനുണ്ടായ ₹74679/-യുടെ നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് പലിശ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഉത്തരവാദിയായ എക്സി. എഞ്ചിനീയറിൽ നിന്ന് ₹74679/- ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. സമയബന്ധിതമായി ഉചിത മാർഗ്ഗേന രേഖാമൂലം മറുപടി നൽകേണ്ടതാണ്. അല്ലാത്തപക്ഷം സർചാർജ് നടപടികൾ സ്വീകരിക്കുന്നതാണ്.

## 3-2 സാമൂഹ്യ നീതി വകുപ്പിനെ ഏല്പിച്ച പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി

| | |
|---|---|
| പ്രോജക്ട് നം, പേര് | 0042/19, മന്ദഹാസം |
| അടങ്കൽ | 150000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശിശുവികസന ഓഫീസർ |

| | |
|---|---|
| ബിൽ നം. | 3/18-19,18/12/2018- 80000<br>4/18-19,24/01/2019- 30000<br>8/18-19,20/03/2019- 40000 |

മുതിർന്ന പൗരന്മാർക്ക് കൃത്രിമ ദന്തനിര സൗജന്യമായി നൽകുന്നതിനായി സാമൂഹ്യനീതി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് മന്ദഹാസം. സാമൂഹ്യനീതി വകുപ്പിന്റെ 23/11/2016-ലെ സ.ഉ (സാധാ)നം 546/2016 ഉത്തരവ് പ്രകാരം പദ്ധതിക്ക് ഭരണാനുമതി നല്കുകയും 2235-60-200-83(പി) എന്ന ശീർഷകത്തിൽ വയോജന സംരക്ഷണ പദ്ധതിയ്ക്കുവേണ്ടി വകയിരുത്തിയിട്ടുള്ള തുകയിൽനിന്നും ഇതിനാവശ്യമായ തുക വിനിയോഗിക്കുന്നതിനുള്ള അനുമതി നല്കുകയും ചെയ്തു. എന്നാൽ ശിശുവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ബ്ലോക്ക് പഞ്ചായത്ത് പദ്ധതി ഏറ്റെടുക്കുകയും 3604/00/200/86/04/35/00 എന്ന ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ നിന്ന് തുക ചെലവഴിക്കുകയും ചെയ്തു. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172(1) പട്ടിക 4 പ്രകാരം ബ്ലോക്ക് പഞ്ചായത്തിനെ ഇത്തരം ഒരു പദ്ധതി ഏറ്റെടുത്ത് നടപ്പാക്കാൻ ചുമതലപ്പെടുത്തിയിട്ടില്ല. 29-01-2018-ലെ സ.ഉ. (കൈ)നം.11/2018/തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലും ഇപ്രകാരമുള്ള പദ്ധതി ഏറ്റെടുക്കാൻ ബ്ലോക്ക് പഞ്ചായത്തിനെ അധികാരപ്പെടുത്തിയിട്ടില്ല. ഒരു ഗുണഭോക്താവിന് 5000/-രൂപ വീതം 30 ഗുണഭോക്താക്കൾക്കായി 150000/-രൂപയാണ് പദ്ധതിയ്ക്കായി ചെലവഴിച്ചത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി (2) ന് മറുപടി നല്കിയില്ല. അധികാര പരിധിയിലുൾപ്പെടാത്ത പദ്ധതി ഏറ്റെടുത്ത് നിർവ്വഹണം നടത്തിയ സാഹചര്യത്തിൽ മന്ദഹാസം പദ്ധതിയ്ക്കായി ചെലവഴിച്ച ₹150000/- ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥയിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-3 ഗോവർദ്ധന സഹായി- അനുമതി ഇല്ലാത്ത പദ്ധതി നടപ്പാക്കി- അപാകത

| | |
|---|---|
| പ്രോജക്ട് നം | 50/19 |
| അടങ്കൽ | ₹450000/- |
| ബിൽനം,തുക | 1/18-19 തീയതി 19/07/18 ₹255000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

2018-19 വർഷം ബ്ലോക്ക് പഞ്ചായത്തിൽ ഗോവർദ്ധന സഹായി എന്ന പദ്ധതിയിൽ, പദ്ധതി മാർഗ്ഗരേഖ ലംഘിച്ച് പദ്ധതി നിർവ്വഹണം നടത്തുകയും ജില്ലാതല അപ്പലേറ്റ് അതോറിറ്റിയുടെ നിർദ്ദേശം അവഗണിച്ചുകൊണ്ടും കോർഡിനേഷൻ കമ്മിറ്റിയുടെ നിർദ്ദേശം പരിഗണിക്കാതെയും പദ്ധതി നടപ്പാക്കി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

17 ഗുണഭോക്താക്കൾക്ക് പശുക്കളെ വാങ്ങുന്നതിന് ₹15000/- വീതം ആകെ ₹255000/- ചെലവഴിച്ചിരിക്കുന്നു. തദ്ദേശ സ്വയംഭരണവകുപ്പിന്റെ 29-01-2018-ലെ സ.ഉ.(കൈ)നം. 11/2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ അനുസരിച്ച് പശുവിതരണം എന്ന പദ്ധതി ബ്ലോക്ക് പഞ്ചായത്തിന് നടപ്പാക്കുവാൻ അനുവാദം ഇല്ല. ഒരു ഗുണഭോക്താവിന് ₹15000/- വീതം മുടക്കി പശുക്കളെ വാങ്ങി നൽകുന്ന ഈ പദ്ധതിക്ക് അംഗീകാരം നൽകണമെന്ന് ബ്ലോക്ക് പഞ്ചായത്ത് 2017-18-ൽ സർക്കാർ മുമ്പാകെ അപേക്ഷ നല്കിയെങ്കിലും 23/08/2017ലെ വികേന്ദ്രീകൃതാസൂത്രണ സമിതി അപേക്ഷ നിരസിക്കുകയും 08/01/2017-ലെ നം. LSGD-DD2/430/2017-LSGD തീരുമാന പ്രകാരം ജില്ലാതല അപ്പീൽ കമ്മിറ്റിക്ക് തീരുമാനമെടുക്കുവാൻ അനുമതി നല്കുകയും ചെയ്തു. 15/11/2017-ലെ ജില്ലാതല അപ്പലേറ്റ് കമ്മിറ്റി വനിതകൾക്കായി നടപ്പാക്കണമെന്ന പ്രത്യേക നിബന്ധനയോടെ 2017-18 വർഷത്തേയ്ക്ക് മാത്രം നടപ്പിലാക്കുവാൻ അനുമതി നൽകി. വ്യക്തിഗത ആനുകൂല്യമായതിനാൽ നടപ്പിലാക്കുവാൻ പാടില്ല എന്ന് കോർഡിനേഷൻ കമ്മറ്റിയും ജില്ലാതല അപ്പലേറ്റ് അതോറിറ്റിയും നിർദ്ദേശിച്ചിട്ടും 2018-19-ലും പദ്ധതി തുടർന്നു. കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172(1) പട്ടിക 4-ൽ

ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ വ്യക്തമാക്കിയിരിക്കുന്നതിൽ ഇത്തരം ഒരു പദ്ധതി ഉൾപ്പെടുന്നില്ല. 29-01-2018-ലെ സ.ഉ.(കൈ)നം. 11/2018/തസ്വഭവ പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖയിലും ഇപ്രകാരമുള്ള പദ്ധതി ഏറ്റെടുക്കാൻ ബ്ലോക്ക് പഞ്ചായത്തിനെ അധികാരപ്പെടുത്തിയിട്ടില്ല. അധികാരപരിധിയിലുൾപ്പെടാത്ത പദ്ധതി ഏറ്റെടുത്ത് നിർവ്വഹണം നടത്തിയത് അംഗീകരിക്കുന്നില്ല. ഈ സാഹചര്യത്തിൽ ഗോവർദ്ധന സഹായി എന്ന പദ്ധതിയ്ക്കായി ചെലവഴിച്ച ₹255000/- ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 14-06-19 --- 15-06-19 | KSAIDK3/521(8)/19/16-08-19 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രൊജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 2018-19 | 119270 | പി.എം.എ.വൈ. ഭവന പദ്ധതി | 574688 | |
| ഗ്രാമ പഞ്ചായത്ത് | 2018-19 | 156184 | | | |
| ഗ്രാമ പഞ്ചായത്ത് | 2018-19 | 299234 | | | |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 574688 | പി.എം.എ.വൈ. ഭവന പദ്ധതി | 80000 | 494688 |
| ഗ്രാമ പഞ്ചായത്ത് | 2018-19 | 231978 | പി.എം.എ.വൈ. ഭവന പദ്ധതി | 231978 | - |
| ഗ്രാമ പഞ്ചായത്ത് | മുൻവർഷങ്ങൾ | 394210 | പി.എം.എ.വൈ. ഭവന പദ്ധതി | 394210 | - |
| ജില്ലാ പഞ്ചായത്ത് | മുൻവർഷങ്ങൾ | 2843894 | പി.എം.എ.വൈ. ഭവന പദ്ധതി | 1217403 | 1626491 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| KSEB | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ,മണക്കാട് | | 500000 | 500000 | - |
| KWA | കൊല്ലംകുന്ന് കുടിവെള്ള | | 500000 | 500000 | |

| | | | | | |
|---|---|---|---|---|---|
| | പദ്ധതി | | | | |
| KWA | മനക്കപ്പറമ്പ് കുടിവെള്ള പദ്ധതി | | 40000 | 40000 | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐഎവൈ | ലഭ്യമല്ല | 4500000 | 7378333 | 1312000 | | 6066333 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-4 | 2011-12 | 2-4 | കുടുംബത്തിലെ വനിതയുടെയോ ഭാര്യയുടെയും ഭർത്താവിന്റെയും കൂട്ടായ പേരിലോ ഭവനം അനുവദിക്കണമെന്ന വ്യവസ്ഥ ലംഘിച്ച് ധനസഹായം | തീർപ്പാക്കിയില്ല |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹34934678 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹35488968 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹479679 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹1824350 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 74679 | ശ്രീ. ശ്രീകുമാർ ജി., അസി.എഞ്ചിനീയർ |
| 3-2 | | 150000 | ശ്രീമതി. സുജ ജേക്കബ്,<br>ശിശു വികസന പദ്ധതി ഓഫീസർ |
| 3-3 | | 255000 | ശ്രീ. നാരായണൻ നമ്പൂതിരി,<br>ക്ഷീര വികസന ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 975000 | ശ്രീമതി.സുജ ജേക്കബ്, ശിശു വികസന പദ്ധതി ഓഫീസർ |
| 1-16 | 300000 | 42858/- ശ്രീ.സിനോജ് ജോസ്, പ്രസിഡന്റ് |
| | | 42857/- ശ്രീമതി.സീന ഇസ്മയിൽ, മെമ്പർ |
| | | |

| | | |
|---|---|---|
| | | 42857/- ശ്രീമതി.അന്നമ്മ ചെറിയാൻ, മെമ്പർ |
| | | 42857/- ശ്രീമതി.പ്രിൻസി സോയി, മെമ്പർ |
| | | 42857/- ശ്രീ.സതീഷ് കേശവൻ, മെമ്പർ |
| | | 42857/- ശ്രീ.ജേക്കബ് മത്തായി, മെമ്പർ |
| | | 42857/- ശ്രീമതി.ഷൈനി ഷാജി, മെമ്പർ |
| 1-18 | 49350 | ശ്രീ. സക്കീർ ഹുസൈൻ ഇബ്രാഹിം, സെക്രട്ടറി |
| 1-20 | 500000 | ശ്രീ. ജെ.ജെ.ധീരജ് മാത്യു, സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

–ഇല്ല –

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

- ഇല്ല –

(ഇ)<u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ശ്രീകുമാർ ജി.,<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, ഇടവെട്ടി പഞ്ചായത്ത് | ചിറ്റാട്ട് ഹൗസ്, റ്റി.ബി.-<br>വെയർഹൗസ് റോഡ്, തൊടുപുഴ |
| ശ്രീമതി.സുജ ജേക്കബ്,<br>ശിശു വികസന പദ്ധതി ഓഫീസർ | ശിശു വികസന പദ്ധതി ഓഫീസർ,<br>വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് | ഡോർ നമ്പർ 203<br>സ്കൈ വ്യൂ അപ്പാർട്ട്മെന്റ്സ്<br>പിറവൂർ പി.ഒ.,മറ്റൂർ<br>കാലടി |
| ശ്രീ.നാരായണൻ നമ്പൂതിരി, ക്ഷീര വികസന ഓഫീസർ | റിട്ടയേർഡ് | സൗപർണിക,<br>അതിരമ്പുഴ പി.ഒ.,<br>കോട്ടയം |
| ശ്രീ.സക്കീർ ഹുസൈൻ<br>ഇബ്രാഹിം, സെക്രട്ടറി | സെക്രട്ടറി,തൊടുപുഴ<br>ബ്ലോക്ക്പഞ്ചായത്ത് | അയ്പ്പാറപ്പറമ്പിൽ,<br>ആനിത്തോട്ടം,<br>പുളിമാവ് ജംഗ്ഷൻ,<br>കാഞ്ഞിരപ്പള്ളി പി.ഒ. |
| ശ്രീ.ജെ.ജെ.ധീരജ് മാത്യു<br>സെക്രട്ടറി | ലഭ്യമല്ല | തോട്ടത്തുവിളാകം<br>ആർ.സി.സ്ട്രീറ്റ്<br>ബാലരാമപുരം<br>തിരുവനന്തപുരം |
| ശ്രീ.സിനോജ് ജോസ്, പ്രസിഡന്റ് | മെമ്പർ | എരിച്ചിരിക്കാട്ട്,<br>ഈസ്റ്റ് കലൂർ പി.ഒ-685608 |
| ശ്രീമതി.സീന ഇസ്മയിൽ, മെമ്പർ | മെമ്പർ | പനയ്ക്കൽ, |

| | | |
|---|---|---|
| | | ഇടവെട്ടി പി.ഒ<br>ശാസ്താംപാറ-685588 |
| ശ്രീമതി.അന്നമ്മ ചെറിയാൻ, മെമ്പർ | മെമ്പർ | പൂച്ചക്കുഴിയിൽ,<br>മുട്ടം പി.ഒ-685587 |
| ശ്രീമതി.പ്രിൻസി സോയി, മെമ്പർ | മെമ്പർ | തുറവയ്ക്കൽ വീട്<br>മുട്ടം പി.ഒ-685587 |
| ശ്രീ.സതീഷ് കേശവൻ, മെമ്പർ | മെമ്പർ | കാവതിയാംകുന്നേൽ<br>കരിങ്കുന്നം പി.ഒ |
| ശ്രീ.ജേക്കബ് മത്തായി, മെമ്പർ | മെമ്പർ | കുരുട്ടുപറമ്പിൽ,<br>മ്രാല പി.ഒ-685587 |
| ശ്രീമതി.ഷൈനി ഷാജി, മെമ്പർ | മെമ്പർ | ആർപ്പത്താനത്ത്,<br>അരീക്കുഴ.പി.ഒ-685608 |

## 4-11 തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.ഐ. – 4/180/05/ 08.06.2005 | 1 | 16 |
| 1997-98 | കെ.എസ്.എ.-ഐ.ഡി.കെ.-7/ 69/17/01.02.2017 | 4 | 24, 25, 27, 28 |
| 1998-99 | എൽ.എഫ്.ഐ.-5/908/14/ 03.12.2014 | 3 | 24, 27(എ), 33 |
| 1999-2000 | എൽ.എഫ്.ഐ.- 5/908/14/ 03.12.2014 | 2 | 23, 27 |
| 2000-01 | കെ.എസ്.എ.-ഐ.ഡി.കെ.-7/ 223/18/27.04.2018 | 3 | 20, 22, 23 |
| 2001-02 | കെ.എസ്.എ.-ഐ.ഡി.കെ.-7/ 736/16/30.07.2016 | 1 | 2-2 |
| 2003-04 | എൽ.എഫ്.ഐ. – 4/202/11/ 07.02.2011 | 4 | 3-2, 3-3, 3-4, 3-5 |
| 2004-05 | എൽ.എഫ്.ഐ. – 7/1435/17/ 30.10.2017 | 4 | 3-2, 3-3, 3-4, 3-6 |
| 2006-07 | കെ.എസ്.എ.-ഐ.ഡി.കെ.-7/ 292/18/17.04.2018 | 2 | 2-2, 3-2 |
| 2008-09 | കെ.എസ്.എ.-ഐ.ഡി.കെ.-7/ 222/18/21.03.2018 | 3 | 3-3, 3-5, 3-6 |
| 2009-10 | കെ.എസ്.എ.-ഐ.ഡി.കെ.-7/ 1255/16/09.09.2016 | 1 | 2-1 |
| 2010-11 | കെ.എസ്.എ.-ഐ.ഡി.കെ.-7/ 991/2018/29.09.2018 | 4 | 3-1, 3-2, 3-3, 3-4 |
| 2011-12 | കെ.എസ്.എ.-ഐ.ഡി.കെ.-7/ 1415/18/14.01.2019 | 2 | 2-1, 3-2ബി |
| 2012-13 | കെ.എസ്.എ.-ഐ.ഡി.കെ.-7/ 205/16/05.04.2016 | 4 | 2-1, 3-1, 3-3, 3-4 |
| 2014-15 | കെ.എസ്.എ.-ഐ.ഡി.കെ.-7/ 4/2018/12.03.1018 | 2 | 2-1, 3-2 |
| | | | |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-7/ 830/17/14.07.2017 | 7 | 1-12, 2-1, 2-3, 3-2, 3-3, 3-4, 3-5 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-7/ 228/18/11.05.2018 | 4 | 2-1, 2-5, 2-6, 3-5 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-7/ 230/19/26.03.2019 | 5 | 3-4,3-5, 3-6,3-12,3-15 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1 ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-7/118/2020

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ,തീയതി:09.03.2020
Ph : 04862-227332
E-mail : doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ തൊടുപുഴ

**ബ്ലോക്ക്** പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ **തൊടുപുഴ ബ്ലോക്ക്** പഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## Annexure – 1

## AUDIT CERTIFICATE

No.KSA-IDK-7/118/2020

Office of the Senior Deputy Director of
Kerala State Audit Department
District Audit Office, Idukki
Thodupuzha – 685 584
Phone : 04862-227332
E-mail : doidk.ksad@kerala.gov.in
Date.09.03.2020

Certified that I have audited the Annual Financial Statement of Thodupuzha Block Panchayat in Idukki District for the year ended on 31.03.2019 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the Govt. Order (Rt.)1413/ 2018/LSGD dated 22.05.2018, and the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of Thodupuzha Block Panchayat for the 2018-2019, except the observations in my Audit Report Properly presence in the picture of Income and Expenditure.

SENIOR DEPUTY DIRECTOR
IDUKKI